# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 158 01.12.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ഐ.സി ബാലകൃഷ്ണൻ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ബെന്നി ബെഹനാൻ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | 1.വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1890.74 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു.<br>2. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധ മന്ത്രാലയത്തിന്റെയും, ആഭ്യന്തര മന്ത്രാലയത്തിന്റെയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതികൾ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.<br>3. വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR), മാസ്റ്റർ പ്ലാൻ, പ്രൊജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവക്ക് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.<br>4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ എയർസൈഡ് പ്രവർത്തികളുടെ കരാർ (EPC I കരാർ) 694 കോടി രൂപക്ക് 5 നവംബർ 2013ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും മൊത്തം പ്രവൃത്തികളിൽ 35% പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br>5. വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിൽ നടത്തണമെന്ന ഉദ്ദേശ്യത്തോടെയാണ് പ്രവൃത്തി നടക്കുന്നത്. |

| | | | |
|---|---|---|---|
| | | | വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട് 2016 മെയ് മാസത്തിൽ പ്രവർത്തനം തുടങ്ങും.<br>6. കണ്ണൂർ വിമാനത്താവള ടെർമിനൽ ബിൽഡിംഗിന്റെ കരാർ പ്രവൃത്തി 2014 ജൂൺ 25ന് എൽ&ടി (ബി & എഫ്) ഡിവിഷന് 498, 69,99,000 രൂപക്ക് നൽകിയിട്ടുണ്ട്. മൊത്തം പ്രവൃത്തികളിൽ 15% പൂർത്തീകരിച്ചു. 22 മാസമാണ് നിർമ്മാണ കാലാവധി. 2016 മെയ് മാസത്തിൽ പൂർത്തീകരിക്കും.<br>7. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരി മൂലധനമായും ബാങ്ക് വായ്പയായും സമാഹരിക്കുന്നതിനുള്ള നടപടി നടന്നു വരുന്നുണ്ട്. സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഓഹരി വിഹിതം പൂർണ്ണമായി സമാഹരിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. സ്വകാര്യമേഖലയിലുള്ള ഓഹരി വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ബാങ്ക് വായ്പകളുടെ കാര്യത്തിൽ 892 കോടി (കനറാ ബാങ്ക് 692 കോടി, സൗത്ത് ഇന്ത്യൻ ബാങ്ക് 125 കോടി, ഫെഡറൽ ബാങ്ക് 75 കോടി ) ലഭ്യമാക്കാൻ ധാരണയായിട്ടുണ്ട്.<br>8. Met Department മായും AAI യുമായും കരാർ ഉടമ്പടി നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 19 ജൂലൈ 2013ലെ എ.ഫ്. 11 90/2011 IA - III ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തി തുടങ്ങുന്നതിനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 12.12.2013ലെ PCB/HO/KNR/ICE/ 02/2013 നമ്പർ അനുമതി പത്ര പ്രകാരം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ ; | (സി) | എയർസൈഡ് പ്രവർത്തികളുടെ സാമ്പത്തിക ബിഡ് 5 നവംബർ 2013ന് തുറക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത M/s LARSEN-& TUBRO LTD കമ്പനിക്ക് അന്നു തന്നെ 694 കോടി രൂപക്ക് എയർസൈഡ് വർക്കുകളുടെ (EPC I) കരാർ നൽകുകയും ചെയ്തു. ടെർമിനൽ നിർമ്മാണത്തിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014 തിയതിക്ക് തുറക്കുകയും പ്രവൃത്തി 498, 69,99,000/- രൂപക്ക് എൽ&ടി (ബി&എഫ്) ഡിവിഷനെ 25 ജൂൺ 2014-ാം തിയതിയിൽ ഏൽപ്പിക്കുകയും ചെയ്തു. |
| (ഡി) | കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ഡി) | 2015 ഡിസംബർ മാസത്തിൽ പരീക്ഷണ പറക്കൽ നടത്തുന്നതിനുള്ള രീതിയിൽ പണികൾ പുരോഗമിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ മെയ് 2016 ന് വിമാനത്താവള പ്രവർത്തനം ആരംഭിക്കും. |
| (ഇ) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676- ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (ഇ) | മിഷൻ 676-ൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവള പദ്ധതി നവരത്ന പദ്ധതികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ